**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4562 | 21.03.2018 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ ഷെൽട്ടർ ഹോമുകൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. അബ്ദുൽ ഹമീദ് പി.** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം, കൊല്ലം ഇടുക്കി, എറണാകുളം തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർകോഡ് എന്നീ 10 ജില്ലകളിലായി 12 നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തന ചുമതല നിർവ്വഹിക്കുന്നത് ആരാണ്; ഇവയുടെ പ്രവർത്തന രീതി വെളിപ്പെടുത്തുമോ; | (ബി) കേരള മഹിള സമഖ്യ സൊസൈറ്റി, കൾച്ചറൽ അക്കാദമി ഫോർ പീസ്, അന്വേഷി വിമൻസ് കൗൺസിലിംഗ് സെന്റർ, നിളാ സേവാ സമിതി, ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ മേരീ എന്നീ സന്നദ്ധ സംഘടനകൾ നിർഭയ ഷെൽട്ടർ ഹോമുകളുടെ മേൽ നോട്ട ചുമതല വഹിക്കുന്നു. നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് വനിതാ- ശിശു വികസന വകുപ്പ് നൽകുന്നു. |
| (സി) നിർഭയ ഷെൽട്ടർ ഹോമുകൾ നൽകുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ? | (സി) നിർഭയ ഷെൽട്ടർ ഹോമിലെത്തുന്നവരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം തൊഴിൽ പരിശീലനം, കൗൺസലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഷെൽട്ടർ ഹോമുകളിലൂടെ നൽകി വരുന്നു. നിർഭയ ഷെൽട്ടർ ഹോമുകളിലെ താമസക്കാരുടെ കേസുകൾ ചാർജ്ജ് ചെയ്യാനും കോടതിയിൽ എത്രയും വേഗം എത്തിക്കാനും ഷെൽട്ടർ ഹോം അധികൃതർ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ